സെപ്റ്റംബർ 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

1947 ആഗസ്റ്റ് 15-ാം തീയതി ഭാരതത്തിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം ഡൽഹിയിൽ നടക്കുന്ന വേളയിൽ കേരളം ഒരു പ്രളയത്തിന്റെ പിടിയിൽ അമർന്നിരുന്നു. ആഗസ്റ്റ് 15-ാം തീയതി ആയിരുന്നു ആ പ്രളയം അതിന്റെ പാരമ്യതയിൽ എത്തിയത്. അതിനു മുമ്പ് കേരളത്തിൽ ഉണ്ടായ രണ്ട് വലിയ പ്രളയങ്ങളാണ് പ്രായമായവരുടെ ഓർമ്മയിൽ നിലനിൽക്കുന്നത്. അന്ന് അണക്കെട്ടുകൾ ഒന്നും ഇല്ലായിരുന്നു. എന്നാൽ സ്വാതന്ത്ര്യദിനത്തിലെ പ്രളയം മുൻവർഷത്തെ പ്രളയത്തേക്കാൾ 8 അടി കുറവായിരുന്നു. മലയാളവർഷം 1057, 1099 (1924), എന്നീ സംവത്സരങ്ങളിൽ പ്രളയത്തിന് ഇരയായ ഭവനങ്ങളിൽ അടയാളപ്പെടുത്തിയ ജലനിരപ്പിന്റെ സൂചനകൾ അനുസരിച്ച് അതിനേക്കാൾ 1 അടി കൂടുതലായ 1057 ലെ പ്രളയത്തിന്റെ ജലനിരപ്പിൽ ആകുന്നു ഈ ആഗസ്റ്റ് 15 ന് പ്രളയത്തിന്റെ ജലനിരപ്പ് എത്തിച്ചേർന്നത്. തൻമൂലം മുറികളിൽ ചെളിയും മറ്റ് മാലിന്യങ്ങളും അടിഞ്ഞുകൂടിയത് ശുചിയാക്കുന്നതിനും വെള്ളത്തിൽ ഒഴുകിവന്ന് വീടുകളിലെ മുറികളിൽ അഭയം തേടിയിരിക്കുന്ന പാമ്പുകളെ പുറത്താക്കുന്നതിനും ചത്തടിഞ്ഞ വളർത്തുമൃഗങ്ങളുടെയും കോഴി, താറാവ് എന്നിവയുടെയും അഴുകിയ മാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനും അങ്ങനെ വീടുകൾ വാസയോഗ്യമാക്കിത്തീർക്കുന്നതിനും കുറഞ്ഞത് ഒരാഴ്ചയെങ്കിലും സമയം വേണ്ടിവരും എന്ന അവസ്ഥയിലാണ് കാര്യങ്ങൾ വന്നെത്തിനിൽക്കുന്നത്. നമ്മുടെ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ മാരാമണ്ണിലുള്ള അരമനയുടെ താഴത്തെ നിലയിലും അരയറ്റം വെള്ളം കയറുകയുണ്ടായി. ഒഴുക്കും ശക്തമായിരുന്നു. എന്നാൽ വെള്ളം ഉയരുന്നതിന്റെ ലക്ഷണം കണ്ടപ്പോൾ തന്നെ, അരമനയിൽ വെള്ളം പ്രവേശിക്കുന്നതിന് മുമ്പു തന്നെ വലിയ തിരുമേനിയെ ഒരു വീൽചെയറിൽ ഇരുത്തി സുരക്ഷിതമായി കോഴഞ്ചേരിയിലെ പൊയ്യാനിൽ ഹോസ്പിറ്റലിൽ എത്തിക്കുകയുണ്ടായി. വെള്ളം ഇറങ്ങിയപ്പോൾ തിരുമേനി നമ്മുടെ കുമ്പനാട് ആശുപത്രിയിലേക്ക് താമസം മാറ്റുകയുണ്ടായി. തിരുമേനി അവിടെ ക്ഷേമമായിരിക്കുന്നു എന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. അവിടെയുള്ള രോഗികളെ സന്ദർശിക്കുന്നതിനും സംസാരിക്കുന്നതിനും തിരുമേനി പ്രത്യേകം ഉത്സാഹം കാണിക്കുന്നു എന്നതും പ്രസ്താവ്യമാണ്. അവിടെയുള്ള കാന്റീനിൽ വന്ന് ചിലപ്പോൾ തിരുമേനി ഭക്ഷണം കഴിക്കുകയും അവിടെ ഉള്ളവരോട് കുശലാന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നുമുണ്ട്. കുമ്പനാട് ആശുപത്രിയുടെ മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന നമ്മുടെ സഭാംഗവും മുൻ അംബാസഡറുമായിരുന്ന ശ്രീ. തോമസ് ഏബ്രഹാമിന്റെ ഭൗതീകശരീരം സംസ്കാരശുശ്രൂഷയ്ക്ക് കൊണ്ടുപോകാനായി മോർച്ചറിയിൽ നിന്ന് എടുത്ത് ചാപ്പലിൽ പൊതുദർശനത്തിനായി വച്ചപ്പോൾ നമ്മുടെ അഭിവന്ദ്യ വലിയ തിരുമേനി ഒരു ചെറിയ ശുശ്രൂഷയും അതോടനുബന്ധിച്ച് ചാപ്പലിൽ നടത്തുകയും ചെയ്തു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. അഭിവന്ദ്യ വലിയ തിരുമേനി ഇപ്പോൾ കുമ്പനാട്ട് താമസിക്കുന്നത് ഒരു രോഗിയായിട്ടല്ല, തിരുമേനിയുടെ അരമനയിൽ ശുചീകരണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതുവരെ താമസിക്കുന്നതിനുള്ള ഒരു രണ്ടാം ഭവനമായിട്ടത്രെ തിരുമേനി ഇപ്പോഴത്തെ താമസത്തെ കരുതുന്നത് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. തിരുമേനിയെ ദൈവം കൂടുതൽ ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ഈ സംവത്സരത്തിൽ മൂന്ന് ദുരന്തങ്ങളാണ് പ്രകൃതിക്ഷോഭം മൂലം നമ്മുടെ കേരളം അഭിമുഖീകരിച്ചത്. 9 മാസം മുമ്പ് ഉണ്ടായ ഓഖി ദുരന്തം ദക്ഷിണ കേരളത്തെ മുഴുവൻ പിടിച്ചുകുലുക്കുകയുണ്ടായി. ഇപ്പോഴുണ്ടായ പ്രളയത്തിന് രണ്ടാഴ്ച മുമ്പ് അറേബ്യൻ കടലിൽ ഉണ്ടായ ഒരു ന്യൂനമർദ്ദത്തെ തുടർന്ന് വടക്കൻ കേരളത്തിനും പ്രത്യേകിച്ച് വയനാട്ടിലും ദുരന്തമുണ്ടായപ്പോൾ മധ്യകേരളത്തിലുള്ളവർ അതിന്റെ ഭീകരതയൊന്നും മനസ്സിലാക്കിയിരുന്നില്ല. എന്നാൽ മൂന്നാമത്തെ ദുരന്തമായി വന്ന ഇപ്പോഴത്തെ പ്രളയം അക്ഷരാർത്ഥത്തിൽ ഒരു സംഹാരതാണ്ഡവം തന്നെ നടത്തുകയായിരുന്നു. അറേബ്യൻ കടലിലും ബംഗാൾ ഉൾക്കടലിൽ ഒഡീസാ തീരത്തും ഉണ്ടായ ന്യൂനമർദ്ദത്തിന്റെ ഫലമായിട്ടാണ് മധ്യകേരളത്തിൽ ഈ ദുരന്തം ആഞ്ഞടിച്ചത്. എല്ലാവിധമായ വിഭാഗീയതകളും മറന്ന് ജനങ്ങൾ ഒരുമിച്ച് ഒറ്റക്കെട്ടായി പരസ്പരം താങ്ങും തണലുമായി നിന്ന് പ്രളയദുരന്തത്തെ അഭിമുഖീകരിച്ച കാഴ്ചയാണ് ഈ നാളുകളിൽ കേരളം ദർശിച്ചത്. എല്ലാ സഭകളും സാമൂഹ്യ സംഘടനകളും നാനാജാതിമതസ്ഥരും ഒരുമിച്ച് രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസപ്രവർത്തനങ്ങളിലും പങ്കാളിത്തം വഹിച്ചത് നമ്മുടെ കേരളം ലോകത്തിന്റെ മുമ്പിൽ തന്നെ കാഴ്ചവെച്ച ഒരു അനുകരണീയ മാതൃകയായിരുന്നു. സമ്പന്നരും പാവപ്പെട്ടവരും പണ്ഡിതരും പാമരരും നാനാജാതി മതസ്ഥരും വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ ഒരുമിച്ച് വസിച്ച് ഒരുമിച്ച് ഭക്ഷിച്ച് പാനം ചെയ്ത് ഒരൊറ്റ സമൂഹമായി ജീവിക്കുന്ന അനുഭവം ഈ പ്രളയദുരന്തം മൂലം ഉണ്ടായപ്പോൾ യഥാർത്ഥത്തിൽ നാം എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന മഹത്തായ പാഠവും മാതൃകയും പ്രകൃതി നമ്മെ പഠിപ്പിക്കുകയായിരുന്നു. ഈ പാഠം ക്യാമ്പ് വിട്ട് പോയിക്കഴിഞ്ഞും നാം പുലർത്തേണ്ട ശ്രേഷ്ഠമായ ഒരു മാതൃകയായി അനുവർത്തിക്കുമെങ്കിൽ യഥാർത്ഥത്തിൽ കേരളം ഒരു സുന്ദര കേരളമായും ദൈവത്തിന്റെ സ്വന്തം നാടെന്ന പേരിന് യോഗ്യമായിത്തീരുകയും ചെയ്യുമായിരുന്നു എന്ന് ഓർമ്മിപ്പിക്കട്ടെ. നമ്മുടെ എല്ലാ ഭദ്രാസന കേന്ദ്രങ്ങളിലും ക്യാമ്പുകളും വിഭവ സമാഹരണത്തിനുള്ള സൗകര്യങ്ങളും വിതരണത്തിനുള്ള സംവിധാനങ്ങളും ക്രമീകരിച്ചിരുന്നു. നമ്മുടെ തിരുവല്ല എസ്.സി.എസ് കോമ്പൗണ്ടിൽ വി.ജി.എം. ഹാളിലും സ്കൂളിലുമായി 600 പേരോളം ഒരുമിച്ച് ഭക്ഷിച്ചും പാനം ചെയ്തും അന്തി ഉറങ്ങിയിരുന്നു. തങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രമൊഴികെ മറ്റെല്ലാം നഷ്ടപ്പെട്ട അവസ്ഥയിൽ ചിന്താഭാരത്തോടുകൂടി പലരും ഇരിക്കുന്ന കാഴ്ച ഹൃദയഭേദകമായിരുന്നു. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ നമ്മുടെ എല്ലാ ഇടവകകളും സംഘടനകളും കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി കാര്യക്ഷമമായി പങ്കെടുത്തു എന്നത് ഏറ്റവും ശ്ലാഘനീയമായ ഒരു കാര്യമാണ്. ഇനിയും പുനരധിവാസം എന്ന വലിയ പ്രക്രിയയ്ക്കാണ് കേരളസമൂഹം ഒരുങ്ങിക്കൊണ്ടിരിക്കുന്നത്. വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും വീടിന് അറ്റകുറ്റപ്പണികൾ ആവശ്യമായിരിക്കുന്നവർക്ക് അറ്റകുറ്റപ്പണികൾ ചെയ്ത് വീട് വാസയോഗ്യമാക്കുന്നതിനുമായി 1 കോടി രൂപായുടെ ഒരു പ്രോജക്ടാണ് സഭ ഏറ്റെടുത്തിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച രണ്ട് കൽപനകളുടെയും സാരാംശവും ഉദ്ദേശ്യവും ഉൾക്കൊണ്ട് ഈ മഹത്തായ ഉദ്യമത്തിൽ ഏവരും സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ സ്വദേശത്തും വിദേശത്തുമുള്ള എല്ലാ ഇടവക

കളും സഭ നേരിട്ട് നേതൃത്വം നൽകുന്ന പുനഃരധിവാസ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ സഹകരണം നൽകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ ഭദ്രാസനങ്ങളിൽ ഭദ്രാസന അസംബ്ലികൾ എല്ലാം വളരെ ക്രമീകൃതമായ രീതിയിൽ നടന്നു എന്നതിൽ വളരെയധികം സന്തോഷമുണ്ട്. ഇനിയും നടക്കാനുള്ളത് സുപ്രധാനമായ സഭാപ്രതിനിധി മണ്ഡലമാണ്. ഓഗസ്റ്റ് 28,29,30 തീയതികളിൽ തിരുവല്ലായിൽ വെച്ചു നടക്കുന്ന സഭാപ്രതിനിധി മണ്ഡലത്തിൽ എല്ലാ മണ്ഡലാംഗങ്ങളും പ്രാർത്ഥനാപൂർവ്വം കർത്താവിന്റെ ശരീരമായ സഭയെക്കുറിച്ചുള്ള ദൈവോദ്ദേശ്യം ഉൾക്കൊണ്ടും സഭയുടെ നന്മയെ ലാക്കാക്കിയും വന്ന് പങ്കെടുത്ത് പ്രതിനിധിമണ്ഡലം ഒരു അനുഗ്രഹമാക്കി ത്തീർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

കൊട്ടാരക്കര-പുലമൺ ബെഥേൽ മാർത്തോമ്മാ ഇടവക പുനർനിർമ്മിച്ചതായ പള്ളിയുടെ കൂദാശ ഓഗസ്റ്റ് 18-ാം തീയതി നടത്തപ്പെട്ടു. പ്രളയക്കെടുതികളുടെ മധ്യത്തിലും ധാരാളം പേർ ആ കൂദാശയിൽ വന്ന് പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു.

ജൂലൈ 9 മുതൽ മുംബൈയിലും കാസർകോടുമുള്ള വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായി നാം യാത്രയിലായിരുന്നു. 16-ാം തീയതി മടങ്ങിവരാമെന്നാണ് വിചാരിച്ചതെങ്കിലും പ്രളയം മൂലം വഴി സഞ്ചാരയോഗ്യമായി തീരാതിരുന്നതുകൊണ്ട് അന്ന് തിരുവല്ലായിൽ എത്തിച്ചേരാൻ സാധിച്ചില്ല. എന്നാൽ കാസർകോട്ടുനിന്ന് 17-ാം തീയതി തന്നെ തിരുവനന്തപുരത്ത് എത്തിച്ചേരുകയും മുമ്പ് സൂചിപ്പിച്ച പള്ളിയുടെ കൂദാശ ഓഗസ്റ്റ് 18-ാം തീയതി നിർവ്വഹിക്കുകയും ചെയ്തതിനു ശേഷം ഓഗസ്റ്റ് 19-ാം തീയതി തിരുവനന്തപുരത്ത് മുമ്പ് കൂട്ടി ക്രമീകരിച്ച ഒരു പരിപാടിയിൽ പങ്കെടുത്ത ശേഷം, വൈകിട്ട് മാത്രമെ തിരുവല്ലായിൽ എത്തിച്ചേരുവാൻ കഴിഞ്ഞുള്ളൂ. ഈ യാത്രയിലും പരിപാടികളിലും വ്യാപരിച്ച ദൈവകൃപയ്ക്കായി, ദൈവനടത്തിപ്പിനായി ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സന്തോഷകരമായ ചില അനുഭവങ്ങളും ഓഗസ്റ്റ് മാസം സഭയ്ക്ക് ദൈവം നൽകുകയുണ്ടായി. കുവൈറ്റിലെ അഹമ്മദിയിലെ രണ്ടാമത്തെ ഇടവകയ്ക്ക് ഒരു പട്ടക്കാരനെ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിസായ്ക്കു വേണ്ടി നടത്തിയ കത്തിടപാടുകളുടെ ഫലമായി സൈപ്രസിലെ സഭയുടെ അധീനതയിലുള്ള ഇടവകയിൽ നിന്ന് വിസാ പ്രൊസസ് ചെയ്യുന്നതിനുള്ള അനുവാദം നമുക്ക് ലഭിക്കുകയുണ്ടായി. കാസർകോടുള്ള കോളേജിനുവേണ്ടി പണിത പുതിയ കെട്ടിടത്തിലേക്ക് കോളേജിന്റെ പ്രവർത്തനം മാറ്റിയിരിക്കുന്നു എന്നതും സന്തോഷകരമായ ഒരു വാർത്തയത്രെ.

ഡൽഹി മനുഷ്യാവകാശ കമ്മീഷന്റെ ഒരു അഡ്വൈസറായി നമ്മുടെ അഭിവന്ദ്യ ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ നിയോഗിക്കപ്പെട്ടു എന്നതിലുള്ള സന്തോഷം അറിയിക്കുന്നു. ജനങ്ങളുടെ പ്രതിനിധിയായിരുന്ന് കർത്തവ്യങ്ങൾ നിർവ്വഹിപ്പാൻ ദൈവം കൃപ പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ സഭയിൽ ഈ വർഷം വൈദീക പഠനം പൂർത്തീകരിച്ച 29 പേർക്ക് ശെമ്മാശ്, കശ്ശീശാ എന്നീ സ്ഥാനങ്ങൾ നൽകി ശുശ്രൂഷയ്ക്കുള്ള അധികാരപത്രം നൽകുകയുണ്ടായി. ഓഗസ്റ്റ് 1 മുതലും 15 മുതലും ഇടവകയിൽ ചുമതല ഏൽക്കുന്നതിനും ഈ പട്ടക്കാർ നിയോഗിക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ ഒരു പട്ടക്കാരന് വാഹനാപകടത്തിൽപ്പെട്ട് അദ്ദേഹത്തിന്റെ കൈക്ക് ഒരു പ്രയാസം വന്നതിനാൽ പുത്തൻ കുർബ്ബാന നടത്തുവാൻ കഴിഞ്ഞില്ല. ഏതാനും ആഴ്ചകൾക്കു ശേഷം പുത്തൻ കുർബ്ബാന നടത്തുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. അതിന് ശേഷം നിശ്ചിത സ്ഥാനത്തേക്ക് അധികാരപത്രം കൊടുത്ത് നിയോഗിക്കുന്നതാണ്.

നമ്മുടെ ആദരണീയനായ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നിര്യാണം ഭാരതത്തെ സംബന്ധിച്ചിടത്തോളം അപരിഹാര്യമായ ഒരു നഷ്ടം തന്നെയാണ്. ഇന്ത്യയുടെ രാഷ്ട്രീയ മണ്ഡലത്തിൽ നിഷ്കളങ്കതയുടെയും മൂല്യബോധത്തിന്റെയും കർമ്മധീരതയുടെയും ഒരു പ്രതീകമായിരുന്നു അദ്ദേഹം. ഇങ്ങനെയുള്ള ശ്രേഷ്ഠരായ രാഷ്ട്രീയ നേതാക്കന്മാരുടെ സാന്നിധ്യം കുറഞ്ഞു വന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വേർപാട് വലിയ ഒരു നഷ്ടബോധമാണ് ഭാരതജനതയിൽ ഉളവാക്കുന്നത്. അദ്ദേഹത്തിലൂടെ ഈ രാഷ്ട്രത്തിന് ലഭിച്ച ശ്രേഷ്ഠ മാതൃകകളെയും നേതൃത്വത്തെയും സേവനങ്ങളെയും നന്ദിയോടുകൂടി അനുസ്മരിക്കുന്നു. യു.എൻ. സെക്രട്ടറി ജനറൽ ആയിരുന്ന കോഫി അന്നൻ ലോകരാഷ്ട്രീയ നഭോമണ്ഡലത്തിൽ ശോഭയോടെ തിളങ്ങിനിന്ന ഒരു നക്ഷത്രം തന്നെയായിരുന്നു. യു.എൻ. ന്റെ സർവ്വമതസമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചും ക്രിസ്തീയ സഭകളെ പ്രതിനിധീകരിച്ചും ഔദ്യോഗികമായി പങ്കെടുത്ത് യു.എൻ ന്റെ സുപ്രധാന വേദിയിൽ 10 മിനിറ്റ് മതേതരത്വത്തെക്കുറിച്ചും മതസാഹോദര്യത്തെക്കുറിച്ചും സംസാരിപ്പാൻ അദ്ദേഹം സെക്രട്ടറി ജനറൽ ആയിരുന്ന കാലത്ത് നമ്മെ ക്ഷണിച്ചതും ഊഷ്മളമായി സ്വീകരിച്ച് ആദരിച്ചതും അവിസ്മരണീയമായ ഒരു ഓർമ്മയായി നമ്മുടെ മനസിൽ ഇന്നും നിൽക്കുന്നു. അന്താരാഷ്ട്ര തലത്തിൽ തന്നെ അദ്ദേഹത്തിന്റെ വേർപാട് വലിയ ഒരു നഷ്ടം തന്നെയാണ്. തമിഴ്നാട് മുൻ മുഖ്യമന്ത്രിയായിരുന്ന എം.കരുണാനിധിയുടെ വേർപാട് ഭാരതത്തിനും പ്രത്യേകിച്ച് തമിഴ് ജനതയ്ക്കും വലിയ ദുഃഖം ഉളവാക്കിയ ഒരു അനുഭവമായിരുന്നു. തമിഴ് ജനതയോടുള്ള ഐക്യദാർഢ്യവും രാഷ്ട്രീയമായ ഏതു പ്രതിസന്ധിയെയും ധീരതയോടുകൂടി അഭിമുഖീകരിപ്പാനുള്ള അദ്ദേഹത്തിന്റെ ആർജ്ജവവും എടുത്തുപറയത്തക്കതാണ്. കാസർകോട് എം.എൽ എ യായും കേരള മന്ത്രിസഭയിൽ അംഗമായും പ്രവർത്തിച്ചിട്ടുള്ള ചേർക്കുളം അബ്ദുള്ളയുടെ വേർപാട് കേരള സമൂഹത്തിനും പ്രത്യേകിച്ച് കാസർകോട് പ്രദേശത്തിനും ഒരു വലിയ നഷ്ടം തന്നെയാണ്. കാസർകോട് പ്രദേശത്തിന്റെ തന്നെ ഒരു അനിഷേധ്യനായ നേതാവായിരുന്നു അദ്ദേഹം. മാർത്തോമ്മാ സഭയോട് പ്രത്യേകം സ്നേഹം പുലർത്തിയിരുന്ന അദ്ദേഹം അവിടെയുള്ള നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് താങ്ങും തണലുമായി നിന്ന വ്യക്തിയാണ്. അദ്ദേഹത്തെ നാം അവസാനമായി കണ്ടത് കാസർകോടുള്ള നമ്മുടെ കോളേജിന്റെ കൂദാശയുടെ സമയത്തായിരുന്നു. കൂദാശയിലും അതിനെ തുടർന്നുള്ള സമ്മേളനത്തിലും പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തത് അനുസ്മരിക്കുന്നു. നമ്മുടെ സഭാംഗവും മുൻ ഇന്ത്യൻ അംബാസഡറുമായ ശ്രീ. തോമസ് ഏബ്രഹാം നിര്യാതനായി. ആ അവസരത്തിൽ പ്രളയം മൂലം ശവസംസ്കാരം നടത്തേണ്ടിയിരുന്ന കുമ്പനാട് കൂർത്തമല പഴയ പള്ളിയുടെ സെമിത്തേരിയിൽ പ്രയാസം നേരിട്ടതു മൂലം കുമ്പനാട് ആശുപത്രിയുടെ മോർച്ചറിയിൽ ഭൗതീകശരീരം സൂക്ഷിച്ചിരിക്കുകയായിരുന്നു. എന്നാൽ പ്രളയത്തിനു ശേഷം ഓഗസ്റ്റ് 22-ാം തീയതി നമ്മുടെ കാർമ്മികത്വത്തിൽ ശുശ്രൂഷ നടത്തി കുമ്പനാട് കൂർത്തമല പഴയപള്ളിയുടെ സെമിത്തേരിയിൽ ശവസംസ്കാരം നടത്തുകയുണ്ടായി. നമ്മുടെ സഭയിൽ നിന്നും അംബാസഡറായി നിയോഗിക്കപ്പെട്ട പ്രശസ്തനായ ഒരു വ്യക്തിയായിരുന്നു ശ്രീ. തോമസ് ഏബ്രഹാം. അദ്ദേഹത്തിന്റെ സേവനങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. നമ്മുടെ സഭാംഗമായ അടൂർ മങ്ങാട്ടേത്ത് ജോർജ് മുതലാളി നിര്യാതനായി. അദ്ദേഹത്തിന്റെ ശവസംസ്കാരം നടന്നു. അടൂർ ഭദ്രാസനത്തിന് വിവിധ നിലകളിൽ അദ്ദേഹം നൽകിയ ഹൃദ്യമായ സേവനങ്ങളെ ഹൃദയപൂർവ്വം അനുസ്മരിക്കുന്നു. നമ്മുടെ കെ.എം. ഐസക്ക് അച്ചന്റെ ബസ്ക്യാമ നിര്യാതയായി. ശവസംസ്കാരം കൈപ്പട്ടൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. ബസ്ക്യാമയുടെ ശുശ്രൂഷകളെയും നന്ദിപൂർവ്വം ഓർക്കുന്നു. മേൽപ്പറഞ്ഞവരുടെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന ഏവരോടുമുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു.

സെപ്റ്റംബർ മാസത്തിന്റെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിക്കുന്നത് ശ്രേഷ്ഠഗുരുവായ യേശുക്രിസ്തുവിനെ ധ്യാനിച്ചുകൊണ്ടാണ്. സെപ്റ്റംബർ 2-ാം തീയതി ഞായറാഴ്ച വിദ്യാഭ്യാസദിനമായി നാം ആചരിക്കുമ്പോൾ ശ്രേഷ്ഠഗുരുവായ ക്രിസ്തുവിൽ വിളങ്ങിയിരുന്ന ഗുരുഭാവങ്ങളെയാണ് നാം ധ്യാനിക്കുന്നത്. ലളിതമായ ഭാഷയിലൂടെ സംസാരിക്കുകയും ദൈവത്തിന്റെ മനുഷ്യമുഖം സാധാരണക്കാർക്കു വെളിപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിന്റെ ഗുരുഭാവം എത്രയോ ആദരണീയവും അനുകരണീയവുമാണ്. സുന്ദരമായ ഉപമകളിലൂടെയും പ്രകൃതിയിൽനിന്നും കണ്ടെത്തുന്ന സമുചിതമായ ഉദാഹരണങ്ങളിലൂടെയും ക്രിസ്തു എന്ന ഗുരു വെളിപ്പെടുത്തിയത് സ്വർഗ്ഗം ഭൂമിക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന മഹത്തായ പാഠങ്ങളായിരുന്നു. “ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല” (യോഹ. 15:5) എന്ന് പ്രസ്താവിച്ചുകൊണ്ട് പ്രകൃതിയിലെ മാതൃക ചൂണ്ടിക്കാട്ടി മനുഷ്യജീവിതം എങ്ങനെ ഫലമണിയുന്നു എന്നാണ് കർത്താവ് പഠിപ്പിച്ചത്. പ്രായോഗിക ജീവിതത്തെ എങ്ങനെ ഏറ്റവും ഫലപ്രദമായി രൂപപ്പെടുത്താം എന്ന് പഠിപ്പിക്കുന്ന ഗുരുവാണ് ക്രിസ്തു. ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമായി പ്രായോഗിക ജീവിതത്തിന് പ്രയോജനപ്പെടണമെങ്കിൽ ഈ മാതൃകയിലുള്ള ഗുരുക്കന്മാർ അനിവാര്യമാണ്. സെപ്റ്റംബർ 9 ഞായർ സേവികാസംഘദിനമാണ്. ‘സ്ത്രീകൾ: ദൈവീക വിമോചനത്തിൽ പങ്കാളികൾ’ എന്ന ചിന്താവിഷയമാണ് അന്ന് നാം ധ്യാനിക്കുന്നത്. മാർത്തോമ്മാ സഭ നൂറു വർഷങ്ങൾക്കു മുമ്പു തന്നെ സ്ത്രീ ശാക്തീകരണത്തിന് പ്രാധാന്യം കൽപിച്ച ഒരു സഭയാണ്. നമ്മുടെ തിരുവല്ല നിക്കോൾസൺ സ്കൂൾ, കൊട്ടാരക്കര ഗേൾസ് സ്കൂൾ, കോഴഞ്ചേരി സെന്റ് മേരീസ് സ്കൂൾ, പെരുമ്പാവൂർ വുമൻസ് കോളേജ്, വനിതാമന്ദിരം എന്നീ സ്ഥാപനങ്ങൾ സഭയുടെ ഈ ദർശനത്തിന്റെ ദൃശ്യരൂപങ്ങളാണ്. പണ്ട് പള്ളത്ത് പ്രവർത്തിക്കുവാൻ വന്ന മിസ്സ്. കെല്ലവെ മദാമ്മയെ അന്നത്തെ സി.എം.എസ് ബിഷപ്പിന്റെ അനുവാദത്തോടുകൂടി വനിതാ മന്ദിരത്തിലെ പ്രവർത്തനത്തിന് ക്ഷണിച്ചുവരുത്തിയത് അന്നത്തെ സഭാ നേതൃത്വത്തിന്റെ സ്ത്രീശാക്തീകരണത്തിലൂടെയുള്ള വിമോചന ദർശനത്തിന്റെ ഒരു അടയാളം തന്നെയാണ്. സെപ്റ്റംബർ 16 ഞായർ വയോജനദിനമാണ്. മുതിർന്ന തലമുറയെ ആദരിക്കേണ്ടതും അവരുടെ അനുഭവജ്ഞാനം ഏറ്റുവാങ്ങേണ്ടതും നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. എന്നാൽ മുതിർന്നവരുടെ ജ്ഞാനം ജ്ഞാനത്തിന്റെ സമ്പൂർണ്ണതയായി കാണേണ്ടതില്ല. പുതിയ കാലഘട്ടത്തിന്റെ ജ്ഞാനവും മുതിർന്ന തലമുറയുടെ അനുഭവസമ്പത്തും ചേർത്തുവെച്ച് ജീവിതം ധന്യമാക്കിത്തീർക്കുകയാണ് വേണ്ടത്. ഇയ്യോബിന്റെ വേദനയിൽ മുതിർന്നവരുടെ ഇടപെടലുകൾ എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെയായിത്തീർന്നു എന്നാണ് വ്യക്തമാകുന്നത്. എന്നാൽ യുവാവായ ഏലിഹൂവിന്റെ വാക്കുകളും ആ സന്ദർഭത്തിൽ ഫലിച്ചില്ല. എന്നാൽ പ്രശ്നപരിഹാരത്തിന് വഴി തെളിഞ്ഞത് പ്രകൃതിയിലേക്ക് ഇയ്യോബ് നോക്കിയപ്പോൾ, അജ്ഞാതനായ ഒരു കവി എഴുതിയ രണ്ട് ജലജന്തുക്കളുടെ ആകാരഗരിമ വർണ്ണിക്കുന്നത് വായിച്ചപ്പോൾ, സൃഷ്ടിയുടെ മഹത്വം ഇയ്യോബ് തിരിച്ചറിഞ്ഞു. 31-ാം അദ്ധ്യായത്തിൽ ഒരു കോടതിയിൽ വാദിക്കുന്ന വാദിയെപ്പോലെ ദൈവത്തെ പ്രതിയോഗിയായി കണ്ട് ആ പ്രതിയോഗി തന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകട്ടെ എന്ന് പറയുന്ന ഇയ്യോബ് “അയ്യോ, എന്റെ സങ്കടം കേൾക്കുന്നവൻ ഉണ്ടായിരുന്നെങ്കിൽ കൊള്ളായിരുന്നു! ഇതാ, എന്റെ കൈയൊപ്പ്! സർവ്വശക്തൻ എനിക്ക് ഉത്തരം നൽകുമാറാകട്ടെ” (ഇയ്യോ. 31:35) എന്നു വാദിച്ച ഇയ്യോബ് തനിക്ക് ന്യായം പാലിച്ചു തരുവാൻ ഒരുത്തൻ ഉണ്ടായിരുന്നെങ്കിൽ കൊള്ളായിരുന്നു എന്ന് വിലപിച്ചു. 42-ാം അദ്ധ്യായത്തിൽ എത്തുമ്പോൾ സൃഷ്ടിയുടെ മഹത്വത്തിന്റെ മുമ്പിൽ അത്ഭുതാദരവുകളോടുകൂടി നിന്നുകൊണ്ട് ദൈവത്തെക്കുറിച്ച് “ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെ തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു” (ഇയ്യോബ് 42:5,6) എന്ന സാക്ഷ്യത്തിലേക്ക് വളരുന്ന ഇയ്യോബിനെയാണ് നാം ദർശിക്കുന്നത്. ജീവിതത്തിലെ ഉത്തരം കിട്ടാത്ത ചോദ്യങ്ങളിൽ നാം വലയുമ്പോൾ ആത്യന്തികമായി നാം ഉത്തരം കണ്ടെത്തേണ്ടത് സർവ്വസൃഷ്ടിയുടെയും മഹത്വത്തിന് കാരണവും സകല സൃഷ്ടിക്കും സ്രഷ്ടാവുമായ ദൈവത്തിൽ തന്നെയായിരിക്കണം എന്ന വലിയ പാഠമാണ് ഇയ്യോബ് നമുക്ക് നൽകുന്നത്. സെപ്റ്റംബർ 21-ാം തീയതി മാർ മത്തായി ശ്ലീഹാ നാളിനു ശേഷം സെപ്റ്റംബർ 23-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനയെക്കുറിച്ച് നാം ധ്യാനിക്കുന്നു. വിശുദ്ധ കുർബ്ബാന അർപ്പണത്തിന്റെ ഒരു കൂദാശയാണ്. യേശു “എന്റെ ഓർമ്മയ്ക്കായി ചെയ്‌വിൻ” എന്നു പറഞ്ഞ് വിശുദ്ധ കുർബ്ബാന ഏർപ്പെടുത്തുമ്പോൾ അതിൽ നാല് ഘട്ടങ്ങൾ നമുക്ക് കാണാൻ കഴിയും. യേശു കൈകളിൽ അപ്പം ‘എടുത്തു’, ‘വാഴ്ത്തി’, ‘നുറുക്കി’ ശിഷ്യന്മാർക്കു ‘കൊടുത്തു’. ദൈവകരങ്ങളിൽ നമ്മുടെ ജീവിതവും എടുക്കപ്പെടുകയും വാഴ്ത്തപ്പെടുകയും നുറുക്കപ്പെടുകയും ആ നുറുക്കിയ അനുഭവത്തിൽ മറ്റുള്ളവർക്കായി കൊടുക്കപ്പെടുകയും ചെയ്യുമ്പോഴാണ് ഓരോ ജീവിതവും അനുഗ്രഹപ്രദമായിത്തീരുന്നത്. സെപ്റ്റംബർ 27-ാം തീയതി വ്യാഴാഴ്ച ദക്ഷിണേന്ത്യസഭാസ്ഥാപകദിനമാണ്. സാക്ഷ്യത്തിലൂടെയുള്ള സഭാ ഐക്യത്തെക്കുറിച്ച് നാം ചിന്തിക്കുന്ന ഒരു ദിവസമാണ് അത്. സി.എസ്.ഐ., സി.എൻ.ഐ. മാർത്തോമ്മാ സഭകളുടെ പൊതു ഐക്യവേദിയായ കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (ഇഐക) അതിന്റെ ലക്ഷ്യത്തിലേക്ക് പൂർണ്ണമായി വന്നിട്ടില്ല എങ്കിലും ഒരു പുതു ചൈതന്യവും ദിശാബോധവും നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. മെതഡിസ്റ്റ് സഭയും ഇന്ന് ഈ കൂട്ടായ്മയിലേക്ക് വരാൻ താൽപര്യപ്പെടുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആദരിക്കപ്പെടേണ്ട വൈവാഹിക ബന്ധം എന്ന വിഷയത്തെക്കുറിച്ചാണ് സെപ്റ്റംബർ 30-ാം തീയതി ഞായറാഴ്ച നാം ചിന്തിക്കുന്നത്. വിവാഹം ഒരു കൂദാശയാണ്. വിവാഹം രണ്ട് വ്യക്തികൾ തമ്മിലുള്ള സമ്മതമോ പരസ്പരമുള്ള ധാരണയിൽ ഒരുമിച്ച് ജീവിക്കലോ അല്ല എന്ന് എല്ലാവരും അറിഞ്ഞിരിക്കണം. വിവാഹമെന്ന കൂദാശയിലൂടെ ഒന്നാക്കപ്പെടുന്നവരുടെ കുഞ്ഞുങ്ങളെ മാത്രമാണ് മാമോദീസാ മുക്കുന്നത് എന്നതിന്റെ പിന്നിലുള്ള മർമ്മം ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വരുവാനുള്ള അന്തരീക്ഷമുള്ള ഭവനങ്ങളിലായിരിക്കണം കുട്ടികൾ വളരേണ്ടത് എന്നുള്ളതുകൊണ്ടുതന്നെയാണ്. യേശു വളർന്നത് യോസേഫിന്റെയും മറിയയുടെയും ഒരുമയിലൂടെ രൂപപ്പെട്ട ഒരു ഭവനാന്തരീക്ഷത്തിലാണ്. മറിയയെ ലോകാപവാദത്തിന് വിട്ടുകൊടുക്കാതെ ചേർത്തുകൊള്ളുന്ന യോസേഫും കുരിശിന്റെ ചുവട്ടിൽപോലും തന്റെ മകനോടൊപ്പം നിലകൊള്ളുന്ന മറിയയും എത്രയോ ശ്രേഷ്ഠമായ മാതൃകയാണ് നമുക്കു നൽകുന്നത്. സ്വർഗ്ഗാരോഹണത്തിന് ശേഷം മറിയയെ നാം കാണുന്നത് ശിഷ്യന്മാർ ഉൾപ്പെട്ട വിശ്വാസികളുടെ കൂട്ടത്തോടൊപ്പമാണ് എന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇങ്ങനെയുള്ള മാതൃകയുള്ള മാതാപിതാക്കളുടെ കുഞ്ഞുങ്ങളാണ് നാളത്തെ സഭയെയും സമൂഹത്തെയും നയിക്കേണ്ടതും രൂപപ്പെടുത്തേണ്ടതും യോശുവാ പറഞ്ഞത് നമുക്ക് ജീവിതാനുഭവമാക്കാം. “ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും.” (യോശുവ 24:15)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, **ഡോ. ജോസഫ് മാർത്തോമ്മാ**

29-08-2018 **മെത്രാപ്പോലീത്താ**